ങ്ങളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു സമർപ്പിക്കുന്നതാണ്. കൂടാതെ ഇടുക്കി ജില്ലയിലെ കരിങ്കുന്നം പഞ്ചായത്തിൽ ഒരു പുതിയ ആയുർവേദ ഡിസ്പെൻസറി ആരംഭിക്കുന്നതിനുള്ള നടപടി പരിഗണനയിലാണ്. മുഖ്യമന്ത്രിയുടെ ഒരു വർഷത്തെ കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി മാസത്തിൽ 2 തവണ വീതം ഹോമിയോ മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതിനുള്ള നടപടിയും സർക്കാരിന്റെ പരിശോധനയിലാണ്.

(സി) 1. ആർ. സി. എച്ച്. പ്രോഗ്രാം——20 ലക്ഷം

2. ജില്ലാ ആശുപത്രി——1.30 കോടി

3. രാജാക്കാട് സി. എച്ച്. സി. ——30 ലക്ഷം

4. തൊടുപുഴ താലൂക്ക് ആശുപത്രി ——.50 ലക്ഷം ഭാരതീയ ചികിൽസാ വകുപ്പിനു കീഴിൽ ആരംഭിച്ച 2 പുതിയ ഡിസ്പെൻസറികൾക്ക് 2003-04-ൽ 2,60,000 രൂപയും 2004-05-ൽ 7,80,000 രൂപയും ചെലവഴിച്ചു. തൊടുപുഴ ജില്ലാ ആയുർവേദാശുപത്രിയിൽ എക്സ്റേ ഉപകരണം വാങ്ങുന്നതിന് 4.95 ലക്ഷം രൂപ ചെലവഴിച്ചു.

ഹോമിയോ വകുപ്പിന്റെ കീഴിൽ 33 ഹോമിയോ ഡിസ്പെൻസറികൾക്ക് പ്രാഥമിക ലാബ് ടെസ്റ്റിംഗ് ഉപകരണങ്ങൾ വാങ്ങാൻ 27,59,691 രൂപയും തൊടുപുഴ ഹോമിയോ ആശുപത്രിക്ക് ട്രാക്ഷൻ യൂണിറ്റിന് 3158.92 രൂപയും കമ്പ്യൂട്ടർ സിസ്റ്റത്തിന് 84,500 രൂപയും പുഷ്പകണ്ടം ആശുപത്രിയിലെ കമ്പ്യൂട്ടർ സിസ്റ്റത്തിന് 75,300 രൂപയും ചെലവഴിച്ചു.

(ഡി) ലഭ്യമാക്കുന്നതാണ്.

കോഴിക്കോട് കോട്ടപ്പറമ്പ് ആശുപത്രിയിലെ ബ്ളഡ് ബാങ്ക്

193 [1799] *ശ്രീ. എ. സുജനപാൽ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കോട്ടപ്പറമ്പ് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ വർഷങ്ങളായി പ്രവർത്തനരഹിതമായി കിടക്കുന്ന ബ്ളഡ് ബാങ്ക് കോഴിക്കോട് ബ്ളഡ് ഡോണേഴ്സ് ഫോറത്തിന് നടത്താൻ നൽകുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട ആരോഗ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കൂടിയ യോഗതീരുമാനങ്ങളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഈ തീരുമാനങ്ങൾ നടപ്പാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇത് നടപ്പാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 17-3-2005-ൽ കൂടിയ യോഗതീരുമാനമനുസരിച്ച് പെരിന്തൽമണ്ണ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ രക്തബാങ്കിന്റെ നടത്തിപ്പിന് തത്തുല്യമായി ഇവിടെയും 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു ബ്ളഡ് ബാങ്ക് തുടങ്ങുന്നതിന് മുന്നോടിയായി ഒരു മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ് സമർപ്പിക്കുവാൻ കേരള ബ്ളഡ് ഡോണർ ഫോറം ട്രസ്റ്റിനോട് നിർദ്ദേശിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) & (സി) കേരള ബ്ലൈഡ് ഡോണർ ഫോറം ട്രസ്റ്റ് സമർപ്പിച്ച മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ് ആശുപത്രി വികസന സമിതിയുടെയും കേരള ബ്ലൈഡ് ഡോണർ ഫോറം ട്രസ്റ്റിന്റെയും ബൈലോയുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് കരട് മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ് തയ്യാറാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

റവന്യൂ കളക്ഷൻ

194 [1801] *ഡോ. തോമസ് ഐസക്* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-97 മുതൽ 2004-05 വരെയുള്ള ഓരോ വർഷവും ഓരോ ജില്ലയുടെയും മൊത്തം റവന്യൂ കളക്ഷന്റെ ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; ഓരോ ഇനത്തിലും ഓരോ വർഷവും നൽകിയിരുന്ന ടാർജറ്റ് തുക എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) 2005-06 സാമ്പത്തിക വർഷം ഓരോ ജില്ലക്കും ഓരോ ഇനത്തിലുമായി നൽകിയിട്ടുള്ള ടാർജറ്റ് തുക എത്രയെന്നും 30-6-2005 വരെ ഇതിൽ എത്ര തുക വീതം കളക്ട് ചെയ്തുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 1996-97 മുതൽ 2004-2005 വരെയുള്ള ഓരോ വർഷവും ഓരോ ജില്ലയുടെയും മൊത്തം റവന്യൂ വരുമാനത്തിന്റെ ഇനം തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. †

ലാന്റ് റവന്യൂ ഇനത്തിൽ ഓരോ ജില്ലയ്ക്കുമുള്ള ടാർജറ്റാണ് നൽകാറുള്ളത്. ഇനം തിരിച്ച് ടാർജറ്റ് നൽകാറില്ല.

(ബി) ലാന്റ് റവന്യൂ ഇനത്തിൽ ജില്ല തിരിച്ചുള്ള ടാർജറ്റാണ് നൽകിയിരിക്കുന്നത്. 2005-2006 ലെ ലാന്റ് റവന്യൂ ഇനത്തിൽ ജില്ല തിരിച്ചുള്ള ടാർജറ്റ് താഴെ കൊടുക്കുന്നു.

ജില്ല	*ടാർജറ്റ് (തുക ലക്ഷത്തിൽ)*
തിരുവനന്തപുരം	2000
കൊല്ലം	1200
പത്തനംതിട്ട	800
ആലപ്പുഴ	1100
കോട്ടയം	1200
ഇടുക്കി	800

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly